HLM-0108

The Heavenly Light Ministry

നാമെല്ലാരും ഒന്നായ് കൂടുവോം
നാഥനെ കൊണ്ടാടിപ്പാടുവോം
ഭൂതലത്തിൽ നമ്മെ ക്ഷേമമോടെ കാത്ത
നായകന്ന് സ്തോത്രം ആദരവായ് പാടുവോം

ഹല്ലേലുയ്യാ ഗീതം പാടുവോം
അല്ലലെല്ലാം മാറിപ്പോകുമേ
വല്ലഭൻ നമുക്കു നല്ലവനായുണ്ട്
എല്ലാ ദാനങ്ങളും ചെയ്തരുളുമെന്നുണ്ട്

വാദ്യഘോഷത്തോടെ ഏകമായ്
വാനവർ സ്തുതിക്കും നാഥനെ
വന്ദ്യ തിരുപ്പാദം എല്ലാവരും തേടി
മന്ദതയകന്നു ഇന്നുമെന്നും പാടുവോം... ഹല്ലേലുയ്യാ

ഏറും ഖേദമെത്രയെന്നാലും
എല്ലാറേറയും വിലക്കിയല്ലോ
ഏഴകളിൻ ഭാരം ഏതും ചുമക്കുന്ന
ഏക കർത്താവിനു സാദരം നാം പാടുവോം... ഹല്ലേലുയ്യ

എല്ലാവിധ ആവശ്യങ്ങളും
നല്ലതുപോൽ ചെയ്തു തരുന്ന
എല്ലാമുട്ടും തീർത്ത നല്ല കർത്താവിനെ
എല്ലാവരും ചേർന്നു ഹല്ലേലുയ്യാ പാടുവോം... ഹല്ലേലുയ്യാ

ശത്രുവിന്നഗ്നിയസ്ത്രങ്ങളാൽ
ശക്തിയററു ക്ഷീണിച്ചീടുമ്പോൾ
ശത്രുവെ ജയിച്ച കർത്തൻ നമ്മുക്കുണ്ട്
ശുദ്ധർക്കൂട്ടം നാമും നിത്യം സ്തുതിപാടുവോം...ഹല്ലേലുയ്യാ

സർവ്വ ബഹുമാനം സ്തുതിയും
സർവ്വ നായകനു മഹത്ത്വം
സർവ്വരും സ്തുതിക്കും സർവ്വ വല്ലഭനു
രാവും പകലും നാം ഹല്ലേലുയ്യാ പാടുവോം... ഹല്ലേലുയ്യാ